നമ്പർ. H4-12124/15.

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 18-05-2015.

# സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവിധ ക്ഷേമ പദ്ധതികൾ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകുന്നത് - മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:-

സാമൂഹ്യനീതി വകുപ്പ് ഈ കാര്യാലയം മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 5- ാം ക്ലാസ് മുതൽ 10- ാം ക്ലാസ് വരെയുള്ള കുട്ടികൾക്കുള്ള വിവിധ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ഈ സാമ്പത്തിക വർഷം ജൂൺ 15 നുള്ളിലും, +2 മുതലുള്ളവരുടെ അപേക്ഷകൾ ആഗസ്റ്റ് മാസം 30 നകവും അതത് സി.ഡി.പി.ഒ മാർ ശേഖരിച്ച് അന്വേഷണം പൂർത്തിയാക്കി ജൂൺ 30 നുള്ളിലും സെപ്റ്റംബർ 15 നുള്ളിലും ശുപാർശയോടുകൂടി അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

2. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പ്രസ്തുത അപേക്ഷകളുടെ അർഹത പരിശോധിച്ച് ആയതു അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷിക്കേണ്ടതുമാണ്.

3. ആനുകൂല്യങ്ങൾ ബാങ്ക് വഴി നല്കുന്നതാകയാൽ ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ് സി.ഡി.പി.ഒ മാർ ശേഖരിക്കേണ്ടതും IFS കോഡ് ഉൾപ്പെടെയുള്ള ബാങ്ക് അക്കൗണ്ട് നമ്പർ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

4. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അനുവദിക്കുന്ന തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും വിവരം CDPO മാരെ അറിയിക്കേണ്ടതുമാണ്.

2015-16 സാമ്പത്തിക വർഷത്തിൽ വിവിധ ക്ഷേമ ആനുകൂല്യങ്ങൾ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് മുഖാന്തിരം മാത്രമേ അനുവദിക്കുകയുള്ളൂ.

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

PL